**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4867** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഒാലിയരുക് വെള്ളച്ചാട്ടം വിനോദ സഞ്ചാര സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ ഓലിയരുക് വെള്ളച്ചാട്ടം വിനോദ സഞ്ചാര സംരക്ഷണ പദ്ധതിക്ക് നാല്പത്തിരണ്ട് ലക്ഷത്തി എൺപത്തിനാലായിരം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയും ചെയ്തെങ്കിലും ഭരണാനുമതി പിന്നീട് റദ്ദ് ചെയ്തിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഓലിയരുക് വെള്ളച്ചാട്ടത്തിനടുത്തുള്ള അമിനിറ്റി സെന്ററിന്റെ നിർമാണത്തിനു 28.10.2019ലെ പി1 - 5797/2018 നമ്പർ ഉത്തരവ് പ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ 42,84,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കൊല്ലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) മുഖേന ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനായിരുന്നു പദ്ധതിയുടെ നിർമ്മാണ ചുമതല. നിർമാണത്തിനായി 8,56,800/- രൂപ 15.02.2021ൽ ഹാബിറ്റാറ്റിന് മുൻകൂറായി നൽകിയിരുന്നെങ്കിലും പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിനാൽ 02.02.2022ലെ ഉത്തരവ് പ്രകാരം വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഈ പദ്ധതി റദ്ദാക്കി.<br><br>പദ്ധതിക്കുള്ള അനുമതി റദ്ദാക്കിയ ശേഷമാണു നിർമാണ പ്രവർത്തികൾ ആരംഭിച്ചതെന്ന് കൊല്ലം ഡി. ടി. പി. സി. സെക്രട്ടറിയും വിനോദ സഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും (കൊല്ലം) അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നിർത്തിവച്ചതിനെ തുടർന്ന് പൊതുജനങ്ങളുടെയും സഞ്ചാരികളുടെയും ശക്തമായ പ്രതിഷേധങ്ങളും പത്രവാർത്തകളും ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | നിലവിലുള്ള എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാത്ത വിധത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുനഃസ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കാമോ? | (സി) | പദ്ധതിയുടെ ഭരണാനുമതി പുനഃസ്ഥാപിക്കണമെന്ന ആവശ്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ